**മധുരമായ കുട്ടികളേ – നിങ്ങൾ വളരെ റോയൽ വിദ്യാർത്ഥികളാണ്, നിങ്ങൾക്ക് അച്ഛൻ, ടീച്ചർ, സദ്ഗുരുവിന്റെ ഓർമ്മയിലിരിക്കണം, അലൗകിക സേവനം ചെയ്യണം.**

**ചോദ്യം –** സ്വയത്തെ പരിധിയില്ലാത്ത പാർട്ട്ധാരിയാണെന്ന് മനസ്സിലാക്കി നടക്കുന്നവരുടെ അടയാളം കേൾപ്പിക്കൂ?

**ഉത്തരം –** അവരുടെ ബുദ്ധിയിൽ ഏതൊരു സൂക്ഷ്മവും സ്ഥൂലവുമായ ദേഹധാരിയുടെ ഓർമ്മ ഉണ്ടായിരിക്കില്ല. അവർ ഒരു ബാബയേയും ശാന്തിധാം വീടിനെയും ഓർമ്മിച്ചുകൊണ്ടിരിക്കും കാരണം ബലിയർപ്പണം ഒന്നിൽ മാത്രമാണ്. എങ്ങനെയാണോ ബാബ മുഴുവൻ ലോകത്തിന്റെയും സേവനം ചെയ്യുന്നത്, പതീതരെ പാവനമാക്കി മാറ്റുന്നത്, അതുപോലെ കുട്ടികളും ബാബക്കു സമാനം സേവാധാരിയായി മാറുന്നു.

**ഓം ശാന്തി**. ആദ്യമാദ്യം ബാബ കുട്ടികൾക്ക് മുന്നറിയിപ്പ് നൽകുന്നു. ഇവിടെ ഇരുന്നും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കിയാണോ ബാബയുടെ മുന്നിൽ ഇരിക്കുന്നത്? ഇതും ബുദ്ധിയിലേക്ക് കൊണ്ടുവരൂ നമ്മൾ ഇരിക്കുന്നത് ബാബയുടെ മുന്നിലുമാണ് , ടീച്ചറുടെ മുന്നിലുമാണ്. ഒന്നാമത്തെ കാര്യമാണ് – നമ്മൾ ആത്മാവാണ്, ബാബയും ആത്മാവാണ്, ടീച്ചറും ആത്മാവാണ്, ഗുരുവും ആത്മാവാണ്. ഒന്ന് തന്നെയാണല്ലോ. ഈ പുതിയ കാര്യം നിങ്ങൾ കേൾക്കുകയാണ്. നിങ്ങൾ പറയും, ബാബാ ഞങ്ങൾ കൽപ കൽപം ഇത് കേൾക്കുന്നു. അതിനാൽ ബുദ്ധിയിൽ ഇത് ഓർമ്മയുണ്ടായിരിക്കണം, ബാബ പഠിപ്പിക്കുകയാണ്, നമ്മൾ ആത്മാക്കൾ ഈ ശരീരത്തിലൂടെ കേൾക്കുന്നു. ഈ ജ്ഞാനം ഉയർന്നതിലും ഉയർന്ന ഭഗവാനിലൂടെ ഈ സമയത്താണ് നിങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നത്. ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്, ബാബ സമ്പത്ത് നൽകുന്നു. എന്ത് ജ്ഞാനമാണ് നൽകുന്നത്? എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു അതായത് വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. എത്രപേരെ കൊണ്ടു പോകും? ഇതെല്ലാം നിങ്ങൾക്കറിയാം. കൊതുകിൻ കൂട്ടങ്ങളെപ്പോലെ എല്ലാ ആത്മാക്കൾക്കും പോകണം. സത്യയുഗത്തിൽ ഒരേയൊരു ധർമ്മം, പവിത്രത–സുഖം–ശാന്തി എല്ലാ ഉണ്ടായിരിക്കും. നിങ്ങൾ കുട്ടികൾക്ക് ചിത്രം കാണിച്ച് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. കുട്ടികളും ഭൂപടത്തിൽ നിന്ന് മനസ്സിലാക്കാറുണ്ടല്ലോ. ഇംഗ്ലണ്ടാണ്, ഇതാണ്, പിന്നീട് അത് ഓർമ്മ വരുന്നു. ഇതും അതുപോലെയാണ്. ഓരോ ഓരോ വിദ്യാർത്ഥികൾക്കും മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്, മഹിമയും ഒന്നിന്റേത് മാത്രമാണ് –ശിവായ നമ: ഉയർന്നതിലും ഉയർന്ന ഭഗവാൻ. വീട്ടിലെ ഏറ്റവും വലുത് രചയിതാവായ അച്ഛനല്ലേ. അത് പരിധിയുള്ളതാണ്, ഇത് മുഴുവൻ പരിധിയില്ലാത്ത വീട്ടിലെ അച്ഛനാണ്. ബാബ പിന്നെ ടീച്ചറുമാണ്. നിങ്ങളെ പഠിപ്പിക്കുന്നു. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. നിങ്ങൾ വിദ്യാർത്ഥികളും റോയലാണ്. ബാബ പറയുന്നു, ഞാൻ സാധാരണ ശരീരത്തിലാണ് വരുന്നത്. തീർച്ചയായും പ്രജാപിതാ ബ്രഹ്മാവും ഇവിടെ വേണം. അദ്ദേഹമില്ലാതെ കാര്യങ്ങൾ എങ്ങനെ നടക്കുന്നു. അതുപോലെ തീർച്ചയായും വൃദ്ധൻ തന്നെയാണ് വേണ്ടത് കാരണം ദത്തെടുക്കപ്പെട്ടതാണല്ലോ. അതിനാൽ വൃദ്ധൻ വേണം. കൃഷ്ണന് കുട്ടികളേ–കുട്ടികളേ എന്ന് വിളിക്കാൻ കഴിയില്ല. പ്രായമുള്ളവരാണ് അനുയോജ്യം. കുട്ടികളെ ആരും അച്ഛാ എന്ന് വിളിക്കില്ല. അതിനാൽ കുട്ടികളുടെ ബുദ്ധിയിലും നമ്മൾ ആരുടെ മുന്നിലാണിരിക്കുന്നതെന്നത് വരണം. ഉള്ളിൽ സന്തോഷവുമുണ്ടാവണം. വിദ്യാർത്ഥികൾ എവിടെ ഇരിക്കുകയാണെങ്കിലും അവരുടെ ബുദ്ധിയിൽ അച്ഛന്റെയും ഓർമ്മ വരുന്നു, ടീച്ചറിന്റെയും ഓർമ്മ വരുന്നു. അവർക്ക് അച്ഛൻ വേറെ, ടീച്ചർ വേറെയാണ്. നിങ്ങളുടേത് ഒരേയൊരു അച്ഛൻ–ടീച്ചർ–സദ്ഗുരുവാണ്. ഈ ബാബയും വിദ്യാർത്ഥിയാണ്. പഠിച്ചുകൊണ്ടിരിക്കുന്നു. കേവലം ലോണായി രഥം കൊടുത്തിരിക്കുന്നു വേറെ ഒരു വ്യത്യാസവുമില്ല. ബാക്കി നിങ്ങളെപ്പോലെ തന്നെയാണ്. ഇദ്ദേഹത്തിന്റെ ആത്മാവും നിങ്ങൾ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കുന്നു. ബലിയർപ്പണം ഒന്നിന്റെ മാത്രമാണ്. അദ്ദേഹത്തെ തന്നെയാണ് പ്രഭു, ഈശ്വരൻ എന്ന് പറയുന്നത്. ഇതും പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഒരു പരമാത്മാവിനെ ഓർമ്മിക്കൂ, ബാക്കി എല്ലാ സൂക്ഷ്മവും സ്ഥൂലവുമായ ദേഹധാരികളെ മറക്കൂ. നിങ്ങൾ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. നിങ്ങൾ പരിധിയില്ലാത്ത പാർട്ട്ധാരിയാണ്. ഈ കാര്യങ്ങൾ വേറെയാർക്കും അറിയില്ല. മുഴുവൻ ലോകത്തിലും ആർക്കും തന്നെ അറിയില്ല, ഇവിടെ ആരാണോ വരുന്നത് അവർ മനസ്സിലാക്കുന്നു. ബാബയുടെ സേവനത്തിന് വന്നു പോകുന്നു. ഈശ്വരീയ സേവാധാരിയാണല്ലോ. ബാബയും സേവനം ചെയ്യാൻ വന്നിരിക്കുന്നു. പതീതരെ പാവനമാക്കുന്നതിന്റെ സേവനം ചെയ്യുന്നു. രാജ്യം നഷ്ടപ്പെടുത്തിയതിന് ശേഷം ദുഖിയായി മാറുമ്പോൾ ബാബയെ വിളിക്കുന്നു. ആരാണോ രാജ്യം നൽകിയത്, അവരെത്തന്നെയേ വിളിക്കൂ.

നിങ്ങൾ കുട്ടികൾക്കറിയാം, ബാബ സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനാണ് വന്നിരിക്കുന്നത്. ലോകത്തിൽ ആർക്കും ഇതറിയുകയില്ല. എല്ലാ ഭാരതവാസികളും ഒരു ധർമ്മത്തിലുള്ളവരാണ്. ഇത് തന്നെയാണ് മുഖ്യമായ ധർമ്മം. അതിനാൽ എപ്പോഴാണോ അല്ലാത്തത് അപ്പോഴാണ് ബാബ വന്ന് സ്ഥാപന ചെയ്യുന്നത്. കുട്ടികൾ മനസ്സിലാക്കുന്നു ഏത് ഭഗവാനെയാണോ മുഴുവൻ ലോകത്തിലുള്ളവരും അല്ലാഹു ഗോഡ് എന്ന് പറഞ്ഞ് വിളിക്കുന്നത്, ആ ഭഗവാൻ ഇവിടെ ഡ്രാമയനുസരിച്ച് കൽപം മുമ്പെന്നപോലെ വന്നിരിക്കുന്നു. ഇത് ഗീതയിലെ എപ്പിസോഡാണ്, അവിടെ ബാബ വന്ന് സ്ഥാപന ചെയ്യുന്നു. പാടാറുമുണ്ട് ബ്രാഹ്മണനും ദേവീ – ദേവതകളും..... ക്ഷത്രിയനെന്ന് പറയുകയില്ല. ബ്രാഹ്മണ ദേവീ ദേവതായേ നമഃ എന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ ക്ഷത്രിയനാണെങ്കിൽ രണ്ട് കല കുറയുന്നുണ്ടല്ലോ. പുതിയ ലോകത്തെ സ്വർഗ്ഗമെന്ന് പറയുന്നു. ത്രേതായുഗത്തെ പുതിയ ലോകമെന്ന് പറയില്ല. ആദ്യമാദ്യം സത്യയുഗത്തിലാണ് പുതിയ ലോകം. ഇത് പഴയതിലും പഴയ ലോകമാണ്. പിന്നീട് പുതിയതിലും വെച്ച് പുതിയ ലോകത്തിൽ പോകും. നമ്മൾ ഇപ്പോൾ ആ ലോകത്തിലേക്ക് പോകുന്നു അപ്പോൾ കുട്ടികൾ പറയുന്നു നമ്മൾ നരനിൽ നിന്ന് നാരായണനായി മാറുന്നു. കഥയും നമ്മൾ സത്യനാരായണന്റേതാണ് കേൾക്കുന്നത്. രാജകുമാരനാകുന്നതിന്റെ കഥയെന്ന് പറയില്ല. സത്യനാരായണന്റെ കഥയാണ്. അവർ നാരായണനെ വേറെയാണെന്ന് മനസ്സിലാക്കുന്നു. പക്ഷെ നാരായണന്റെ യാതൊരു ജീവിതകഥയും ഇല്ല. ജ്ഞാനത്തിന്റെ കാര്യങ്ങൾ ഒരുപാടുണ്ട് അതുകൊണ്ട് 7 ദിവസം നൽകിയിരിക്കുന്നു. 7 ദിവസത്തെ ഭട്ടിയിലിരിക്കേണ്ടി വരുന്നു. പക്ഷെ ഇവിടെ ഭട്ടിയിലിരിക്കുന്നു എന്നല്ല. അങ്ങനെയാണെങ്കിൽ ഭട്ടിയുടെ പേരിൽ അനേകം പേർ വരും. പഠിപ്പ് രാവിലെയും വൈകുന്നേരവും ഉണ്ടാകുന്നു. ഉച്ച സമയത്ത് അന്തരീക്ഷം നല്ലതായിരിക്കില്ല. രാത്രിയിൽ 10 മുതൽ 12 വരെയുള്ള സമയം തികച്ചും മോശമാണ്. ഇവിടെ നിങ്ങൾ കുട്ടികൾക്ക് ഓർമ്മയിലിരുന്ന് സതോപ്രധാനമാകുന്നതിന് പരിശ്രമിക്കണം. അവിടെ മുഴുവൻ ദിവസവും ജോലി–ഉത്തരവാദിത്വത്തിലിരിക്കുന്നു. ജോലി ചെയ്തും കുറച്ചു കൂടി നല്ല ജോലിക്ക് വേണ്ടി പഠിക്കുകയും ചെയ്യുന്നവർ അനേകമുണ്ട്. ഇവിടെയും നിങ്ങൾ പഠിക്കുന്നു അതിനാൽ ആരാണോ പഠിപ്പിക്കുന്നത് ആ ടീച്ചറെയും ഓർമ്മിക്കേണ്ടതുണ്ട്. ശരി, ടീച്ചറാണെന്ന് മനസ്സിലാക്കി ഓർമ്മിക്കൂ എങ്കിൽ മൂന്ന് പേരെയും ഒരുമിച്ച് ഓർമ്മ വരുന്നു – അച്ഛൻ, ടീച്ചർ, ഗുരു, നിങ്ങൾക്ക് വളരെ സഹജമാണ് അതിനാൽ പെട്ടെന്ന് ഓർമ്മ വരണം. ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറും ഗുരുവുമാണ്. ഉയർന്നതിലും ഉയർന്ന അച്ഛനാണ് ആ അച്ഛനിൽ നിന്നാണ് നമ്മൾ സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നത്. നമ്മൾ തീർച്ചയായും സ്വർഗ്ഗത്തിലേക്ക് പോകും. തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നു. നിങ്ങൾ കേവലം പുരുഷാർത്ഥം ചെയ്യുന്നു ഉയർന്ന പദവി നേടുന്നതിന് വേണ്ടി. ഇതും നിങ്ങൾക്കറിയാം. മനുഷ്യർക്കും അറിയാൻ കഴിയും, നിങ്ങളുടെ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കും. നിങ്ങൾ ബ്രാഹ്മണരുടെ അലൗകിക ധർമ്മമാണ് – ശ്രീമതത്തിലൂടെ അലൗകിക സേവനത്തിൽ തൽപരരായിരിക്കുക. ഇതും മനുഷ്യർക്കറിയാൻ സാധിക്കും നിങ്ങൾ ശ്രീമതത്തിലൂടെ എത്ര ഉയർന്ന കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളെപ്പോലെ അലൗകിക സേവനം വേറെ ആർക്കും ചെയ്യാൻ കഴിയില്ല. നിങ്ങൾ ബ്രാഹ്മണ ധർമ്മത്തിലുള്ളവരാണ് ഇങ്ങനെയുള്ള കർമ്മം ചെയ്യുന്നത്. അതിനാൽ അങ്ങനെയുള്ള കർമ്മത്തിൽ മുഴുകണം ഇതിൽത്തന്നെ ബിസിയായിരിക്കണം. ബാബയും ബിസിയായാണല്ലോ ഇരിക്കുന്നത്. നിങ്ങൾ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അവർ പഞ്ചായത്ത് കൂടി കേവലം പാലിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾ ഗുപ്ത വേഷത്തിൽ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഗുപ്തമായ അറിയപ്പെടാത്ത യോദ്ധാക്കൾ, അഹിംസകരാണ്. ഇവയുടെ അർത്ഥം പോലും ആരും അറിയുന്നില്ല. നിങ്ങൾ ഡബിൾ അഹിംസക സേനകളാണ്. എന്താണോ പതീതമാക്കി മാറ്റുന്ന വികാരം അതാണ് ഏറ്റവും വലിയ ഹിംസ. ഇതിനെയും ജയിക്കണം. ഭഗവാന്റെ വാക്കാണ് കാമം മഹാശത്രുവാണ്, ഇതിൽ വിജയിക്കുകയാണെങ്കിൽ നിങ്ങൾ ജഗത്ജീത്തായി മാറും. ഈ ലക്ഷ്മീ നാരായണൻ ജഗത്ജീത്താണല്ലോ. ഭാരതം ജഗത്ജീത്തായിരുന്നു. ഈ വിശ്വത്തിന്റെ അധികാരിയാകുന്നത് എങ്ങനെയാണ്! ഇതും പുറത്തുള്ളവർക്ക് അറിയുക സാധ്യമല്ല. ഇത് മനസ്സിലാക്കാൻ വളരെ വിശാല ബുദ്ധി വേണം. വലിയ വലിയ പരീക്ഷക്ക് പഠിക്കുന്നവർക്ക് വളരെ വലിയ ബുദ്ധിയാണല്ലോ. നിങ്ങൾ ശ്രീമതത്തിലൂടെ തന്റെ രാജ്യം സ്ഥാപിക്കുന്നു. നിങ്ങൾക്ക് ആർക്കു വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ കഴിയും വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നല്ലോ, വേറെ ഒരു രാജ്യവും ഉണ്ടായിരുന്നില്ല. സ്വർഗ്ഗത്തിൽ കേവലം ശാന്തി മാത്രമല്ല. സ്വർഗ്ഗത്തെത്തന്നെയാണ് അല്ലാഹുവിന്റെ പൂന്തോട്ടമെന്ന് പറയുന്നത്. കേവലം പൂന്തോട്ടം മാത്രമല്ല. മനുഷ്യനും വേണമല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെയധികം ലഹരിയുണ്ടായിരിക്കണം, ഉയർന്ന ചിന്തയുണ്ടായിരിക്കണം. നിങ്ങൾ പുറത്തെ യാതൊരു സുഖവും ആഗ്രഹിക്കുന്നില്ല. ഈ സമയം നിങ്ങൾക്ക് തികച്ചും സാധാരണമായിരിക്കണം. ഇപ്പോൾ നിങ്ങൾ ഭർതൃഗൃഹത്തിലേക്ക് പോവുകയാണ്. ഇത് സ്വന്തം വീടാണ്. ഇവിടെ നിങ്ങൾക്ക് രണ്ട് അച്ഛനെ ലഭിച്ചിരിക്കുന്നു. ഒന്ന് ഉയർന്നതിലും ഉയർന്ന നിരാകാരൻ, രണ്ടാമത്തേത് സാകാരം, സാകാര അച്ഛനും ഉയർന്നതിലും

ഉയർന്നതാണ്. ഇപ്പോൾ നിങ്ങൾ ഭർതൃഗൃഹമായ വിഷ്ണുപുരിയിലേക്ക് പോവുകയാണ്. അതിനെ കൃഷ്ണ പുരിയെന്ന് പറയില്ല. കുട്ടികളുടെ പുരി(ദേശം) ഉണ്ടായിരിക്കില്ല. വിഷ്ണുപുരി അർത്ഥം ലക്ഷ്മീ നാരായണന്റെ പുരി. നിങ്ങളുടേത് രാജയോഗമാണ്. അതിനാൽ തീർച്ചയായും നരനിൽ നിന്ന് നാരായണനായി മാറും.

നിങ്ങൾ കുട്ടികൾ സത്യം സത്യമായ ഈശ്വരീയ സേവാധാരികളാണ്. ബാബ സത്യമായ ഈശ്വരീയ സേവാധാരിയെന്ന് അവരെയാണ് പറയുന്നത് ആരാണോ കുറഞ്ഞത് 8 മണിക്കൂറെങ്കിലും ആത്മാഭിമാനിയായിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നത്. യാതൊരു കർമ്മ ബന്ധനവും ഉണ്ടാവരുത് അപ്പോൾ സേവാധാരിയായി മാറാൻ സാധിക്കുന്നു, കർമ്മാതീത അവസ്ഥ നേടാൻ കഴിയുന്നു. നരനിൽ നിന്ന് നാരായണനായി മാറണമെങ്കിൽ തീർച്ചയായും കർമ്മാതീത അവസ്ഥ ഉണ്ടാവണം. കർമ്മബന്ധനമുണ്ടെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. കുട്ടികൾ സ്വയം മനസ്സിലാക്കുന്നു- ഓർമ്മിക്കാനുള്ള പരിശ്രമം വളരെ കടുത്തതാണ്. യുക്തി വളരെ സഹജമാണ്, കേവലം ബാബയെ ഓർമ്മിക്കണം. ഭാരതത്തിന്റെ പ്രാചീന യോഗം പ്രസിദ്ധമാണ്. യോഗത്തിന് വേണ്ടിയാണ് ജ്ഞാനം, എന്താണോ ബാബ വന്ന് പഠിപ്പിക്കുന്നത്. കൃഷ്ണൻ യാതൊരു യോഗവും പഠിപ്പിക്കുന്നില്ല. കൃഷ്ണന് പിന്നെ സ്വദർശന ചക്രം നൽകിയിരിക്കുന്നു. ആ ചിത്രവും വളരെ തെറ്റാണ്. ഇപ്പോൾ നിങ്ങൾക്ക് യാതൊരു ചിത്രവും ഓർമ്മിക്കേണ്ടതില്ല. എല്ലാം മറക്കൂ. യാതൊന്നിലേക്കും ബുദ്ധി പോകരുത്, ലൈൻ ക്ലിയറായിരിക്കണം. ഇത് പഠിക്കാനുള്ള സമയമാണ്. ലോകത്തെ മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം, അപ്പോഴേ പാപം വിനാശമാകൂ. ബാബ പറയുന്നു ആദ്യമാദ്യം നിങ്ങൾ അശരീരിയായാണ് വന്നത്, പിന്നീട് നിങ്ങൾക്ക് പോകണം. നിങ്ങൾ ആൾറൗണ്ടറാണ്. അവർ പരിധിയുള്ള അഭിനേതാക്കളാണ്, നിങ്ങൾ പരിധിയില്ലാത്തതാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി നമ്മൾ അനേക തവണ പാർട്ടഭിയിച്ചിട്ടുണ്ട്. അനേക തവണ നിങ്ങൾ പരിധിയില്ലാത്ത അധികാരിയായിട്ടുണ്ട്. ഈ പരിധിയില്ലാത്ത നാടകത്തിൽ പിന്നീട് അനേക തവണ ചെറിയ ചെറിയ നാടകങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സത്യയുഗം മുതൽ കലിയുഗം വരെ എന്തെല്ലാം സംഭവിച്ചിട്ടുണ്ടോ അതെല്ലാം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. മുകളിൽ നിന്ന് അവസാനം വരേക്കും നിങ്ങളുടെ ബുദ്ധിയിലുണ്ട്. മൂലവതനം, സൂക്ഷ്മവതനവും സൃഷ്ടിചക്രവും, അത്രമാത്രം, വേറെ ഒരു ധാമവുമായും നിങ്ങൾക്ക് ബന്ധമില്ല. നിങ്ങളുടെ ധർമ്മം വളരെ സുഖം നൽകുന്നതാണ്. അവരുടെ സമയം എപ്പോൾ വരുന്നോ അപ്പോൾ അവർ വരും. നമ്പർവൈസായി എങ്ങനെയെല്ലാം വന്നിട്ടുണ്ടോ, അങ്ങനെയേ വീണ്ടും പോകൂ. നമ്മൾ വേറെ ധർമ്മത്തിന്റെ എന്ത് വർണ്ണന ചെയ്യാനാണ്. നിങ്ങൾക്ക് കേവലം ഒരു ബാബയുടെ മാത്രം ഓർമ്മയുണ്ടായിരിക്കണം. ചിത്രം മുതലായവയെല്ലാം മറന്ന് ഒരു ബാബയെ ഓർമ്മിക്കണം. ബ്രഹ്മാ -വിഷ്ണു-ശങ്കരനെയുമല്ല, കേവലം ഒന്നിനെമാത്രം. അവർ മനസ്സിലാക്കുന്നു പരമാത്മാവ് ലിംഗമാണ്. ഇപ്പോൾ ലിംഗത്തിന് സമാനം ഏതെങ്കിലും വസ്തുവുണ്ടോ, അതെങ്ങനെ ജ്ഞാനം കേൾപ്പിക്കാനാണ്. എന്താ ഏതെങ്കിലും പ്രേരണയാൽ ലൗഡ്സ്പീക്കർ വെച്ച് അത് നിങ്ങൾ കേൾക്കുകയാണോ. പ്രേരണയിലൂടെ ഒന്നും സംഭവിക്കുന്നില്ല. ശങ്കരനെ പ്രേരിപ്പിക്കുന്നുമില്ല. ഇതെല്ലാം ഡ്രാമയിൽ ആദ്യം തന്നെ ഉള്ളതാണ്. വിനാശം ഉണ്ടാവേണ്ടത് തന്നെയാണ്. എങ്ങനെയാണോ നിങ്ങൾ ആത്മാക്കൾ ശരീരത്തിലൂടെ സംസാരിക്കുന്നത്, അതുപോലെ പരമാത്മാവും നിങ്ങൾ കുട്ടികളോട് സംസാരിക്കുന്നു. പരമാത്മാവിന്റെ പാർട്ട് തന്നെ ദിവ്യ അലൗകികമാണ്. പതിതരെ പാവനമാക്കി മാറ്റുന്നത് ഒരേയൊരു ബാബ മാത്രമാണ്. പറയുകയാണ് എന്റെ പാർട്ട് വളരെ വേറിട്ടതാണ്. കൽപം മുമ്പ് ആരാണോ വന്നിട്ടുള്ളത് അവർ വന്നുകൊണ്ടിരിക്കും. എന്താണോ കഴിഞ്ഞു പോയത് അത് ഡ്രാമ, ഇതിൽ അൽപം പോലും വ്യത്യാസമുണ്ടാവില്ല. പിന്നെ പുരുഷാർത്ഥത്തിന്റെ ചിന്ത വെക്കണം. ഡ്രാമയനുസരിച്ച് നമ്മുടെ കുറഞ്ഞ പുരുഷാർത്ഥമാണ് നടക്കുന്നത് എങ്കിൽ പിന്നെ പദവിയും കുറഞ്ഞു പോകും, ഇങ്ങനെയാകരുത്. പുരുഷാർത്ഥത്തെ വേഗത്തിലാക്കണം. ഡ്രാമയെന്ന് പറഞ്ഞ് ഉപേക്ഷിക്കരുത്. തന്റെ ചാർട്ട് നോക്കിക്കൊണ്ടിരിക്കൂ. വർദ്ധിപ്പിച്ചുകൊണ്ടിരിക്കൂ. നോട്ട് ചെയ്യൂ നമ്മുടെ ചാർട്ട് പുരോഗതി പ്രാപിക്കുകയാണ്, കുറഞ്ഞു പോകുന്നില്ലല്ലോ. വളരെ ശ്രദ്ധയുണ്ടായിരിക്കണം. ഇവിടെ നിങ്ങൾ ബ്രാഹ്മണരുടെ സംഗമാണ്. പുറത്തെല്ലാം കുസംഗമാണ്. അവരെല്ലാം തലതിരിഞ്ഞ കാര്യമാണ് കേൾപ്പിക്കുന്നത്. ബാബയിപ്പോൾ നിങ്ങളെ കുസംഗത്തിൽ നിന്ന് പുറത്തുകൊണ്ടുവരുന്നു.

മനുഷ്യർ കുസംഗത്തിൽ വന്ന് തന്റെ പെരുമാറ്റം, തന്റെ വസ്ത്രധാരണം എല്ലാം മാറ്റിയിരിക്കുന്നു, ദേശവും വേഷവും മാറ്റിയിരിക്കുന്നു, ഇതും തന്റെ ധർമ്മത്തെ ഇൻസൾട്ട് ചെയ്യുകയാണ്. നോക്കൂ എങ്ങനെയെല്ലാമാണ് മുടി അലങ്കരിക്കുന്നത്. ദേഹാഭിമാനമുണ്ടാവുന്നു. കേവലം മുടി മോടിയാക്കുന്നതിന് വേണ്ടി 100-150 രൂപ നൽകുന്നു. ഇതിനെയാണ് പറയുന്നത് അതി ദേഹാഭിമാനം. അവർക്ക് പിന്നെ ജ്ഞാനം എടുക്കാൻ സാധിക്കില്ല. ബാബ പറയുന്നു തികച്ചും സാധാരണമായിരിക്കൂ. വിലപിടിപ്പുള്ള സാരി ധരിക്കു

ന്നതിലൂടെയും ദേഹാഭിമാനം വരുന്നു. ദേഹാഭിമാനം ഇല്ലാതാക്കുന്നതിന് വേണ്ടി എല്ലാം സാധാരണമാക്കണം. നല്ല വസ്തുക്കൾ ദേഹാഭിമാനത്തിൽ വരുത്തുന്നു. നിങ്ങൾ ഈ സമയം വനവാസത്തിലാണല്ലോ. എല്ലാ വസ്തുക്കളിൽ നിന്നും മോഹം മാറ്റണം. വളരെ സാധാരണമായിരിക്കണം. വിവാഹത്തിനെല്ലാം പോകുമ്പോൾ നിറമുള്ള വസ്ത്രം ധരിച്ച് പോകൂ, ബന്ധം നിലനിർത്താൻ വേണ്ടി ധരിക്കണം, അതിന് ശേഷം വീട്ടിൽ വന്ന് വസ്ത്രം മാറ്റണം. നിങ്ങൾക്ക് ശബ്ദത്തിനുപരിയായി പോകണം. വാനപ്രസ്ഥികൾ വെള്ള വസ്ത്രത്തിലാണുണ്ടാവുക. നിങ്ങൾ ഓരോരുത്തരും ചെറിയവരും വലിയവരും എല്ലാം വാനപ്രസ്ഥികളാണ്. ചെറിയ കുട്ടികൾക്കു പോലും ശിവബാബയുടെ ഓർമ്മ ഉണർത്തിക്കണം. ഇതിൽത്തന്നെയാണ് മംഗളമുള്ളത്. അത്രയും മതി നമുക്ക് ഇപ്പോൾ ശിവബാബയുടെയടുത്തേക്ക് പോകണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുളള മുഖ്യമായ സാരം

1. സദാ ശ്രദ്ധയുണ്ടായിരിക്കണം നമ്മുടെ ഒരു പെരുമാറ്റവും ദേഹാഭിമാനമുള്ളതല്ലല്ലോ. വളരെ സാധാരണമായിരിക്കണം. ഒരു വസ്തുവിലും മമത്വം വെക്കരുത്. കുസംഗത്തിൽ നിന്ന് തന്നെ സംരക്ഷിക്കണം.

2. ഓർമ്മയുടെ പരിശ്രമത്തിലൂടെ സർവ്വ കർമ്മ ബന്ധനങ്ങളെയും ഇല്ലാതാക്കി കർമ്മാതീതമായി മാറണം. കുറഞ്ഞത് 8 മണിക്കൂറെങ്കിലും ആത്മാഭിമാനിയായിരുന്ന് സത്യം സത്യമായ ഈശ്വരീയ സേവാധാരിയായി മാറണം.

### വരദാനം–വിശാലബുദ്ധിയിലൂടെയും,വിശാലഹൃദയത്തിലൂടെയും തന്റേതെന്ന അനുഭൂതി ചെയ്യിക്കുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

മാസ്റ്റർ രചയിതാവിന്റെ ആദ്യത്തെ രചന ഈ ദേഹമാണ്.ആരാണോ ഈ ദേഹത്തിന്റെ യജമാനനാണ് എന്ന അവസ്ഥയിലിരുന്ന് സമ്പൂർണ്ണ സഫലത പ്രാപ്തമാക്കുന്നത് അവർ തന്റെ ദേഹം,സമ്പർക്കം എന്നിവയിലൂടെ സർവർക്കും തന്റേതെന്ന അനുഭവം ചെയ്യിക്കുന്നു.ആ ആത്മാവിന്റെ സമ്പർക്കത്തിലൂടെ സുഖം, ദാതാവെന്ന സ്ഥിതി,ശാന്തി,പ്രേമം,ആനന്ദം,സഹയോഗം,ധൈര്യം,ഉത്സാഹം,ഉൻമേഷം ഇവയിൽ ഏതെങ്കിലും ഒരു വിശേഷതയുടെ അനുഭൂതി ലഭിക്കുന്നു.ഇങ്ങിനെയുള്ള അനുഭൂതികൾ നൽകുന്നവരെത്തന്നെയാണ് വിശാലബുദ്ധികൾ,വിശാലഹൃദയർ എന്ന് പറയുന്നത്.

### സ്ലോഗൻ:– ഉൻമേഷ ഉൽസാഹത്തിന്റെ ചിറകിലൂടെ സദാ പറക്കുന്ന കലയുടെ അനുഭൂതി നൽകിക്കൊണ്ടിരിക്കൂ..

**അവ്യക്ത സൂചന–സങ്കൽപങ്ങളുടെ ശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമാകൂ..**
സ്വയത്തെ ശ്രേഷ്ഠസങ്കൽപങ്ങളാൽ സമ്പന്നമാക്കുവാനായി ട്രസ്റ്റിയായി ഇരിക്കൂ. ട്രസ്റ്റിയാകുക അർത്ഥം ഡബിൾലൈറ്റ് ഫരിഷ്തയാകുക.ഇങ്ങിനെയുള്ള കുട്ടികളുടെ ഓരോ സങ്കൽപങ്ങളും സഫലമാകും.കുട്ടികളുടെ ഒരു ശ്രേഷ്ഠസങ്കൽപത്തിന് ആയിരം ശ്രേഷ്ഠസങ്കൽപങ്ങളുടെ ഫലം ബാബയിൽ നിന്നും പ്രാപ്തമാകുന്നു.ഒന്നിന് ആയിരം ഇരട്ടി ഫലമാണ് ലഭിക്കുക.